


പശ്ചാത്തലം

രാജ്യത്ത് കാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 1975 മുതൽ ദേശീയ കാൻസർ നിയന്ത്രണ പരിപാടി ആരംഭിച്ചെങ്കിലും 2014 സെപ്റ്റംബറിലാണ് അന്നത്തെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ഡോ. ഹർഷ് വർധൻ നവംബർ 7 ദേശീയ ദേശീയ കാൻസർ ബോധവത്കരണ ദിനമായി പ്രഖ്യാപിച്ചത്. റേഡിയം, പൊളോണിയം എന്നിവയുടെ കണ്ടുപിടിത്തത്തിലൂടെ കാൻസർ ചികിത്സക്ക് വലിയ സംഭാവന നൽകിയ പോളിഷ് ശാസ്ത്രജ്ഞ മാഡം മേരി ക്യൂറിയുടെ ജന്മദിനത്തെ അനുസ്മരിച്ചാണ് ഈ ദിനം തിരഞ്ഞെടുത്തത്.

സൗത്ത് സോൺ അന്തർസർവകലാശാല ഫുട്ബാൾ കണ്ണൂരിൽ

» നാല് ദേശീയ അന്തർസർവകലാശാല ചാമ്പ്യൻഷിപ്പുകൾ കണ്ണൂരിൽ നടക്കും

കണ്ണൂർ: ഡിസംബർ, ജനുവരി മാസങ്ങളിലായി നാല് പ്രധാന അന്തർസർവകലാശാല കായിക ചാമ്പ്യൻഷിപ്പുകൾക്ക് കണ്ണൂർ സർവകലാശാല വേദിയാവും.

ഡിസംബർ 19 മുതൽ 24 വരെ സൗത്ത് സോൺ അന്തർസർവകലാശാല പുരുഷ ഫുട്ബാൾ ചാമ്പ്യൻഷിപ് ആണ് ആദ്യം. ജനുവരി ആറു മുതൽ ഒമ്പതു വരെ ഇന്റർ സോൺ അന്തർസർവകലാശാല പുരുഷ ഫുട്ബാൾ ചാമ്പ്യൻഷിപ്പും ജനുവരി രണ്ടാം വാരം അഖിലേന്ത്യാ അന്തർസർവകലാശാല പുരുഷ / വനിതാ പവർലിഫ്റ്റിങ് ചാമ്പ്യൻഷിപ്പുകളുമാണ് നടക്കുക.

രാജ്യത്തെ വിവിധ സർവകലാശാലകളിൽ നിന്നായി ഏകദേശം 2500ഓളം കായികതാരങ്ങൾ ഈ മത്സരങ്ങളിൽ പങ്കെടുക്കും.

മുന്നൊരുക്കം ചർച്ച ചെയ്യുന്നതിന് കണ്ണൂർ സർവകലാശാലയുടെ സ്പോർട്സ് അഡ്വൈസറി കമ്മിറ്റി യോഗം കഴിഞ്ഞ ദിവസം യോഗം ചേർന്നു. കണ്ണൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിലായി ലഭ്യമായ കായിക സൗകര്യങ്ങളും ഗ്രൗണ്ടുകളും പ്രയോജനപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

മത്സരവേദികളുടെ അന്തിമരൂപവത്കരണം, ഗ്രൗണ്ടുകളുടെ ഒരുക്കം, ആവശ്യമായ കായിക ഉപകരണങ്ങളുടെയും മറ്റു സാമഗ്രികളുടെയും ലഭ്യത, ബജറ്റ്, താമസം, ഭക്ഷണം, ഗതാഗതം തുടങ്ങിയ വിവിധ ക്രമീകരണങ്ങൾ യോഗം ചർച്ച ചെയ്തു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി കായികതാരങ്ങൾ, പരിശീലകർ, ടീം മാനേജർമാർ, സാങ്കേതിക വിദഗ്ധർ, ഒഫിഷ്യലുകൾ എന്നിവരടക്കം ആയിരക്കണക്കിന് പേർ ജില്ലയിലെത്തും.

സിൻഡിക്കേറ്റംഗങ്ങളുടെ അലവൻസ് മൂന്നിരട്ടിയാക്കി

കണ്ണൂർ: കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റംഗങ്ങളുടെ സിറ്റിങ് അലവൻസ് മൂന്നിരട്ടിയിലധികം കൂട്ടി. പ്രതിദിന അലവൻസ് 600ൽ നിന്ന് 2000 രൂപയാക്കിയാണ് വർധിപ്പിച്ചത്. യാത്രാപ്പടി കിലോമീറ്ററിന് 8.8 രൂപയിൽനിന്ന് 20ഉം ആക്കി ഉയർത്തി. ഒറ്റയടിക്ക് ഇത്രയും തുക വർധിപ്പിക്കുന്നത് ആദ്യമാണ്. അലവൻസ് വർധനക്ക് ഒക്ടോബർ ഒമ്പതുമുതൽ മുൻകാല പ്രാബല്യവുമുണ്ട്. സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ ഉത്തരവ് കഴിഞ്ഞ ദിവസമിറങ്ങി.

അലവൻസ് പരിഷ്കരിക്കുന്നത് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റംഗങ്ങളായ എസ്. മുഹമ്മദ്, ഫർഹാൻ മുണ്ടേരി എന്നിവരെ നിയോഗിച്ചിരുന്നു. കേരളത്തിലെ ഇതര സർവകലാശാലകളിലേതിനേക്കാൾ കുറഞ്ഞ നിരക്കാണ് കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റംഗങ്ങളുടെ അലവൻസ് എന്നും വർധിപ്പിക്കണമെന്നും ഇവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

വിവിധ സബ് കമ്മിറ്റി യോഗങ്ങൾ, ഇൻസ്പെക്ഷൻ കമ്മിറ്റി യോഗങ്ങൾ, ഇൻറർവ്യൂ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് സർവകലാശാലയിൽ സിൻഡിക്കേറ്റംഗങ്ങൾ എത്തേണ്ടതുണ്ട്. ഇത്തരം ആവശ്യങ്ങൾക്ക് അലവൻസ്, യാത്രാപ്പടി ഇനത്തിൽ സർവകലാശാലക്ക് വൻ സാമ്പത്തിക ചെലവാണ് ഇതുവഴി ഉണ്ടാകുക. യു.ഡി.എഫ് നിയന്ത്രിത സിൻഡിക്കേറ്റാണ് കണ്ണൂരിലേത്. 11 അംഗ സിൻഡിക്കേറ്റിൽ രണ്ടുപേർ ഒഴികെ എല്ലാവരും അസി. പ്രഫസർ മുതൽ പ്രിൻസിപ്പൽ വരെയുള്ളവരാണ്.

ക്യാമ്പ് ഫോളോവർ നിയമനം

കണ്ണൂർ: റൂറൽ ജില്ല പൊലീസ് ആസ്ഥാനത്ത് (ഡി. എച്ച്.ക്യൂ ക്യാമ്പ്) ക്യാമ്പ് ഫോളോവർ തസ്തികയിലെ ബാർബർ ഒഴിവിലേക്ക് നിയമനം നടത്തുന്നു. രണ്ട് ഒഴിവാണുള്ളത്. 59 ദിവസത്തേക്കാണ് നിയമനം. മുൻപരിചയം ഉള്ളവർ ഒമ്പതിന് രാവിലെ 10.30 ന് മാങ്ങാട്ടുപറമ്പിലെ കണ്ണൂർ റൂറൽ ജില്ല പൊലീസ് ആസ്ഥാനത്ത് കൂടിക്കാഴ്ചക്ക് എത്തണം. അസ്സൽ തിരിച്ചറിയൽ രേഖ, പ്രവൃത്തി പരിചയം തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കണം.

നാനോ സംരംഭം: അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: ഗാർഹികതലത്തിൽ നാനോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ ജില്ല മിഷൻ സാമ്പത്തിക സഹായം നൽകുന്നു. നഗരമേഖലയിലെ കുടുംബശ്രീ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കാണ് സഹായം. പ്രൊജക്റ്റ് ചെലവിന്റെ 40 ശതമാനം (പരമാവധി രണ്ട് ലക്ഷം രൂപ) ആണ് സബ്സിഡി.

മൂല്യവർധിത ഉത്പന്ന നിർമാണ പരിശീലനം പൂർത്തിയാക്കിയവർക്കും ഗാർഹിക തലത്തിൽ ഉൽപന്ന നിർമാണത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കും മുൻഗണന. അപേക്ഷാ ഫോമുകൾ അതത് നഗരസഭ /കോർപറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ് ഓഫിസുകളിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ 16 നകം നൽകണം. ഫോൺ: 0497 2702080.

കുട്ടി ഡ്രൈവർമാരുടെ വാഹനമോടിക്കൽ തുടരുന്നു; കേസും

കണ്ണൂർ: നിയമംലംഘിച്ച് കുട്ടിഡ്രൈവർമാരുടെ വാഹനമോടിക്കൽ തുടരുന്നു. കേസിൽ പെടുന്നത് ഉടമകളായ രക്ഷിതാക്കൾ. പ്രായപൂർത്തിയാവാത്ത വിദ്യാർഥി സ്കൂട്ടർ ഓടിച്ചതിന് വാരം അതിരകം ശാദു മൻസിലിൽ മുഹമ്മദ് നസീം ഷാദിനെതിരെ കണ്ണൂർ ടൗൺ പൊലീസ് കേസെടുത്തു. സ്കൂട്ടർ പ്രായപൂർത്തിയാകാത്ത കുട്ടിക്ക് ഓടിക്കാൻ നൽകിയതിനാണ് കേസ്.

കണ്ണൂർ ചേംബർ ഓഫ് കോമേഴ്സിന് സമീപത്തെ റോഡിൽവെച്ചാണ് കുട്ടി സ്കൂട്ടർ ഓടിക്കുന്നത് പൊലീസ് പിടികൂടിയത്. സ്കൂട്ടർ പ്രായപൂർത്തിയാകാത്തയാൾക്ക് ഓടിക്കാൻ നൽകിയതിന് മായിച്ചംകുന്ന് ന്യൂ കെ.പി ഹൗസിലെ അൻസാരി കൊവ്വപ്പുറത്തിന് എതിരെയും ടൗൺ പൊലീസ് കേസെടുത്തു. തളാപ്പ് അമ്പലത്തിന് സമീപത്തെ റോഡിൽ കുട്ടിഡ്രൈവർ സ്കൂട്ടർ ഓടിച്ചുതിനെത്തുടർന്നാണ് കേസ്.

പ്രായപൂർത്തിയാകാത്തയാൾക്ക് സ്കൂട്ടർ ഓടിക്കാൻ നൽകിയതിന് ആർ.സി ഉടമയുടെ പേരിൽ വളപട്ടണം പൊലീസ് കേസെടുത്തു. പാലോട്ടുവയൽ റോഡിൽ കുട്ടിഡ്രൈവർ സ്കൂട്ടർ ഓടിച്ചതിനെത്തുടർന്നാണ് കേസ്.

ബൈക്ക് കുട്ടിഡ്രൈവർക്ക് ഓടിക്കാൻ നൽകിയതിന് നിർമലഗിരി നീരോളിച്ചാൽ റഹീസ മഹലിൽ ടി.എ. യാസിദ് സിദീഖിനെതിരെ കൂത്തുപറമ്പ് പൊലീസ് കേസെടുത്തു. കൂത്തുപറമ്പ് ബീവറേജിന് സമീപത്തെ റോഡിലൂടെ കുട്ടിഡ്രൈവർ വാഹനം ഓടിച്ചതിനെത്തുടർന്നാണ് കേസ്. ബൈക്ക് കുട്ടിഡ്രൈവർക്ക് ഓടിക്കാൻ നൽകിയതിന് ചേലോറ ശ്രീഗൃഹത്തിൽ രതീഷ്കുമാറിനെതിരെ ചക്കരക്കൽ പൊലീസ് കേസെടുത്തു. ചേലോറ ഹയർസെക്കൻഡറി സ്കൂളിന് സമീപത്തെ റോഡിലൂടെയാണ് പ്രായപൂർത്തിയാകാത്തയാൾ ബൈക്ക് ഓടിച്ചുവന്നത്.

സ്കൂട്ടർ പ്രായപൂർത്തിയാകാത്ത കുട്ടിക്ക് ഓടിക്കാൻ നൽകിയതിന് കൊളവല്ലൂർ ചെറുപറമ്പ് കണ്ടിയൻ ഹൗസിൽ ഇ. ജിഷക്കെതിരെ കേസെടുത്തു. കൊളവല്ലൂർ ഹയർ സെക്കൻഡറി സ്കൂളിന് സമീപത്തെ റോഡിൽ കുട്ടിഡ്രൈവർ വാഹനം ഓടിച്ചെത്തിയതിനെത്തുടർന്നാണ് കേസ്. വരുംദിവസങ്ങളിലും പൊലീസ് കർശന പരിശോധന തുടരും. നടപടി കടുപ്പിച്ചിട്ടും പല രക്ഷിതാക്കളും ഇപ്പോഴും കുട്ടികൾക്ക് വണ്ടി നൽകുന്നത് തുടരുകയാണ്.

ദേശീയപാത

അനധികൃത പാർക്കിങ്ങിനെതിരെ കർശന നടപടി

കണ്ണൂർ: ജില്ലയിലെ ദേശീയപാത യോരങ്ങളിൽ വാഹനങ്ങൾ അനധികൃതമായും അശ്രദ്ധമായും നിർത്തിയിടുന്നത് തടയുന്നതിന് ജില്ല തലത്തിൽ കർശന നടപടികൾ സ്വീകരിക്കാൻ തീരുമാനം. അശ്രദ്ധമായ പാർക്കിങ് കടുത്ത ഗതാഗത തടസ്സങ്ങൾക്കും ജീവന് ഭീഷണിയാകുന്ന റോഡപകടങ്ങൾക്കും കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി.

ദേശീയപാതയോരങ്ങളിലും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്ന മറ്റു പ്രധാന ഇടങ്ങളിലും വാഹനങ്ങൾ അനധികൃതമായി പാർക്ക് ചെയ്യുന്നത് പൂർണമായും ഒഴിവാക്കണം. നിർദേശം ലംഘിച്ച് പാർക്കിങ് തുടരുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകളുടെ നേതൃത്വത്തിൽ നിയമാനുസൃതമായ കർശന നടപടികൾ സ്വീകരിക്കുമെന്ന് കലക്ടർ പി. വിഷ്ണുരാജ് അറിയിച്ചു.

പൊതുജനങ്ങളുടെ സുരക്ഷയും റോഡുകളിലെ സുഗമമായ ഗതാഗതവും ഉറപ്പാക്കുന്നതിന് എല്ലാ വാഹന ഉടമകളും ഡ്രൈവർമാരും ജില്ല ഭരണകൂടത്തിന്റെ തീരുമാനവുമായി പൂർണമായി സഹകരിക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

ട്രാഫിക് നിയമലംഘനങ്ങൾക്ക് പരാതിപ്പെടാം

ദേശീയപാതകളിലെ അനധികൃത പാർക്കിംഗ് ഉൾപ്പെടെയുള്ള ട്രാഫിക് നിയമ ലംഘനങ്ങൾ, അപകടസാധ്യതകൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി അറിയിക്കാം. ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് കൺട്രോൾ റൂം - 9188963113
പോലീസ് - 112.

എ.ടി.എം കവർച്ചാശ്രമം: യുവാവ് അറസ്റ്റിൽ


റൈഹാൻ അലി

കണ്ണൂർ: എ.ടി.എം കൗണ്ടറിൽ കവർച്ച നടത്താൻ ശ്രമിച്ച യുവാവ് അറസ്റ്റിൽ. കൊൽക്കത്ത സ്വദേശി റൈഹാൻ അലിയെയാണ് (22) കണ്ണൂർ ടൗൺ ഇൻസ്പെക്ടർ മഹേഷ് കണ്ടമ്പേത്ത് അറസ്റ്റുചെയ്തത്. വെള്ളിയാഴ്ച പുലർച്ചെ 3.30നും നാല് മണിക്കും ഇടയിൽ എസ്.എൻ പാർക്കിന് സമീപത്തെ കാനറാ ബാങ്ക് എ.ടി.എം കൗണ്ടറിലാണ് കവർച്ചാശ്രമം നടന്നത്. കൗണ്ടറിന് അകത്തുകയറിയ യുവാവ് ട്രേ പിടിച്ചുവലിക്കാൻ ശ്രമിച്ചതോടെ മാനേജരുടെ മൊബൈൽ ഫോണിൽ അലാറം മുഴങ്ങി. ഇക്കാര്യം ഉടൻ പൊലീസിനെ അറിയിച്ചു. ഉടൻ ടൗൺ പൊലീസ് സ്ഥലത്തെത്തി യുവാവിനെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

ഇയാൾ മനോനില തെറ്റിയപോലെ പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് പൊലീസിനോട് പറഞ്ഞത്. കൈയിൽ എ.ടി.എം കുത്തിത്തുറക്കാനുള്ള ആയുധങ്ങളൊന്നും കാണപ്പെട്ടിരുന്നുമില്ല. കഴിഞ്ഞദിവസം പ്രദേശത്തെ വീട്ടുമുറ്റത്ത് കിടന്നുറങ്ങിയതായും വിവരമുണ്ട്.

അശ്വതിക്കും കുഞ്ഞുങ്ങൾക്കും സ്വന്തം കൂരയിൽ അന്തിയുറങ്ങാം; ബാങ്ക് ജപ്തിയിൽനിന്ന് രക്ഷിച്ച് വീടിന്റെ താക്കോൽ കൈമാറി എം.എ. യൂസുഫലി

തളിപ്പറമ്പ്: പിഞ്ചുകുഞ്ഞുങ്ങളുൾപ്പെട്ട കുടുംബവുമായി ജപ്തി ചെയ്ത വീടിന്റെ അടുക്കള വരാന്തയിൽ കഴിഞ്ഞ മുൻ ത്രോ ബാൾ താരം അശ്വതിക്ക് സഹായവുമായി എം.എ. യൂസുഫലി. കേരളാ ബാങ്കിലെ കടബാധ്യത ലുലു ഗ്രൂപ് ചെയർമാൻ എം.എ. യൂസുഫലി അടച്ചുതീർത്ത് വീടിന്റെ താക്കോൽ കൈമാറി.

യൂസുഫലിയുടെ നിർദേശാനുസൃതം ലുലു മീഡിയ ഹെഡ് എൻ.ബി. സ്വരാജ്, കോഴിക്കോട് ലുലു റീജനൽ ഡയറക്ടർ ഷെരീഫ് മാട്ടിൽ എന്നിവർ ചേർന്നാണ് വീടിന്റെ താക്കോൽ കൈമാറിയത്. പറഞ്ഞറിയിക്കാൻ വാക്കുകളില്ലെന്നും തന്റെ കുടുംബം യൂസുഫലി സാറിനോട് എന്നും കടപ്പെട്ടിരിക്കുമെന്നും അശ്വതി നിറകണ്ണുകളോടെ പ്രതികരിച്ചു. യൂസുഫലി സാറിനെ ഒരിക്കലെങ്കിലും നേരിട്ട് കാണണമെന്ന ആഗ്രഹവും അശ്വതി പങ്കുവെച്ചു.

സ്വന്തമായി ഒരു വീട് പണിയുന്നതിനായി കേരള ബാങ്കിന്റെ തളിപ്പറമ്പ് ശാഖയിൽനിന്ന് എടുത്ത 15 ലക്ഷം രൂപയുടെ വായ്പ തിരിച്ചടവ് മുടങ്ങിയതോടെയാണ് അശ്വതിയുടെ ജീവിതം ദുരിതത്തിലായത്. വീട് നിർമിക്കാനായി ആകെയുണ്ടായിരുന്ന ഭൂമി പണയം വെച്ച് കേരളാ ബാങ്കിൽനിന്ന് 15 ലക്ഷം രൂപ എടുത്തു.

ഭർത്താവ് നിധിന് അപകടത്തിലുണ്ടായ പരിക്കോടെ ജീവിതവരുമാനവും നിലച്ചു. മാതാവും പിതാവും രോഗികൾ കൂടിയായതോടെ തിരിച്ചടവ് മുടങ്ങി. പലിശയും കൂട്ട് പലിശയും ഉൾപ്പെടെ 35 ലക്ഷം രൂപ തിരിച്ചടക്കാതെ വന്നതോടെ ബാങ്ക് അധികൃതർ വീട് ജപ്തി ചെയ്ത് സീൽ ചെയ്തു. ഈ വീടിന്റെ അടുക്കള വരാന്തയിലാണ് കഴിഞ്ഞ നാല് മാസമായി അശ്വതിയും കുഞ്ഞുങ്ങളും താമസിക്കുന്നത്.

ലുലു പ്രതിനിധികൾ നടത്തിയ ചർച്ചക്ക് ഒടുവിൽ 35 ലക്ഷത്തിന്റെ ബാധ്യത 22 ലക്ഷമായി കേരള ബാങ്ക് ഇളവ് നൽകുകയും ഈ തുക യൂസുഫലിക്ക് വേണ്ടി ലുലു പ്രതിനിധികൾ വ്യാഴാഴ്ച വൈകീട്ട് ബാങ്കിൽ അടയ്ക്കുകയും ചെയ്തു. ലുലു കോഴിക്കോട് ഡയറക്ടർ ഷെരീഫ് മാട്ടിൽ അശ്വതിയുടേയും കുടുംബത്തിന്റേയും ദുരിത ജീവിതം നേരിട്ട് കണ്ട് മനസ്സിലാക്കി ലുലു ഗ്രൂപ് ചെയർമാൻ എം.എ. യൂസുഫലിക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അശ്വതിയുടെ വീടിന്റെ നവീകരണത്തിനും ചെലവുകൾക്കുമായി അഞ്ച് ലക്ഷം രൂപ കൂടി സഹായധനമായി കൈമാറുകയും ചെയ്തു.

അശ്വതിയുടെ ദുരിതജീവിതം പുറംലോകത്തെ അറിയിക്കാൻ മുൻകൈയെടുത്ത യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി രാഹുൽ വെച്ചിയോട്ടും താക്കോൽ കൈമാറുന്ന വേളയിൽ സംബന്ധിച്ചിരുന്നു.


മുൻ ത്രോ ബാൾ താരം അശ്വതിയുടെ വീടിന്റെ ജപ്തിയൊഴിവാക്കി വീടിന്റെ താക്കോൽ ലുലു പ്രതിനിധികളായ മീഡിയ ഹെഡ് എൻ.ബി. സ്വരാജും കോഴിക്കോട് ലുലു റീജനൽ ഡയറക്ടർ ഷെരീഫ് മാട്ടിലും ചേർന്ന് കൈമാറുന്നു

ഉഷയെയും കുടുംബത്തെയും ആശുപത്രിയിൽ സന്ദർശിച്ച് സാന്ത്വന കേന്ദ്രം പ്രവർത്തകർ


ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കൂവോട്ടെ ഉഷയെയും കുടുംബത്തേയും എസ്.വൈ.എസ് ജില്ല പ്രസിഡൻറ് മുഹമ്മദ് റഫീക്ക് അമാനിയുടെ നേതൃത്വത്തിൽ സന്ദർശിക്കുന്നു

പയ്യന്നൂർ: ഭക്ഷണത്തിനും മരുന്നിനുമായി വീടിന്റെ വാതിലും ജനലും അഴിച്ചു വിൽക്കേണ്ടിവന്ന തളിപ്പറമ്പ് കൂവോട്ടെ ഉഷയെയും കുടുംബത്തെയും എസ്.വൈ. എസ് ജില്ല പ്രസിഡന്റും പരിയാരം സാന്ത്വന കേന്ദ്രം ഡയരക്ടറുമായ മുഹമ്മദ് റഫീക്ക് അമാനി തട്ടുമ്മലിന്റെ നേതൃത്വത്തിൽ സാന്ത്വന കേന്ദ്രം പ്രവർത്തകർ കണ്ണൂർ ഗവ. മെഡിക്കൽ കോളജിൽ സന്ദർശിച്ചു. ഭക്ഷ്യ കിറ്റും കൈമാറി. ഉഷയും മക്കളും സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വരുന്നതായും ജനറൽ മെഡിസിൻ, ന്യൂറോ മെഡിസിൻ, മാനസികാരോഗ്യം തുടങ്ങിയ വിഭാഗങ്ങളുടെ ചികിത്സ പുരോഗമിക്കുന്നതായും മെഡിക്കൽ കോളജ് അധികൃതർ എസ്. വൈ. എസ് സാന്ത്വന കേന്ദ്രം നേതാക്കളെ അറിയിച്ചു. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം അതിദരിദ്ര റേഷൻ കാർഡ് ടി.കെ. ഗോവിന്ദൻ എം.എൽ.എ ഉഷയുടെ കുടുംബത്തിന് കൈമാറിയിരുന്നു.

പ്രണയം നടിച്ച് പീഡനം: യുവാവ് അറസ്റ്റിൽ


റമീസ്

ആലക്കോട്: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പ്രണയം നടിച്ച് വലയിൽ വീഴ്ത്താൻ ശ്രമിക്കുകയും അപമര്യാദയായി പെരുമാറുകയും ചെയ്തെന്ന പരാതിയിൽ പോക്സോ വകുപ്പ് പ്രകാരം യുവാവ് അറസ്റ്റിൽ.

നെല്ലിപ്പാറയിലെ ചൊക്രാന്തകത്ത് സി.ജെ. റമീസിനെ (23) ആണ് ആലക്കോട് എസ്.എച്ച്.ഒ സി.പി. ജിജേഷ് അറസ്റ്റ് ചെയ്തത്. ആലക്കോട് പൊലീസ് സ്റ്റേഷൻ പരിധിയിലെ 16കാരിയായ വിദ്യാർഥിനിയുടെ പരാതിയിലാണ് കേസെടുത്തത്.

ഇൻസ്റ്റഗ്രാമിലൂടെയാണ് റമീസ് പെൺകുട്ടിയുമായി സൗഹൃദത്തിലായത്. പിന്നീട് പലതവണ പ്രണയം നടിച്ച് വലയിൽ വീഴ്ത്താൻ ശ്രമിക്കുകയും ശരീരത്തിൽ സ്പർശിച്ച് അപമര്യാദയോടെ പെരുമാറുകയും എതിർത്തപ്പോൾ ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നാണ് പെൺകുട്ടിയുടെ പരാതി. പിന്തുടർന്നുള്ള ശല്യം നിരന്തരമായതോടെയാണ് പൊലീസിൽ പരാതി നൽകിയത്. കോടതിയിൽ ഹാജരാക്കിയ റമീസിനെ റിമാൻഡ് ചെയ്തു.

പി.പി. ദിവ്യക്കെതിരായ അന്വേഷണം: സിൽക്കിൽനിന്ന് ഫയലുകൾ പിടിച്ചെടുത്തു

കണ്ണൂർ: ജില്ല പഞ്ചായത്ത് പ്രസിഡന്റായിരുന്ന പി.പി. ദിവ്യക്കെതിരെ നടക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി സിൽക്കിൽ നിന്ന് രേഖകൾ പിടിച്ചെടുത്തു.

പി.പി. ദിവ്യ പ്രസിഡന്റായിരിക്കെ ജില്ല പഞ്ചായത്തിന്റെ 12 കോടിയുടെ പ്രവൃത്തി കാർട്ടൺ ഇന്ത്യ എന്ന കമ്പനിക്ക് കരാർ നൽകിയിരുന്നു. ഇതിൽ അഴിമതിയുണ്ടെന്ന് കാണിച്ച് കെ.എസ്.യു സംസ്ഥാന വൈസ് പ്രസിഡന്റ് മുഹമ്മദ് ഷമ്മാസ് നൽകിയ പരാതിയിലാണ് വിജിലൻസ് കേസെടുത്തത്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം ജില്ല പഞ്ചായത്ത് ഓഫിസിൽ വിജിലൻസ് റെയ്ഡ് നടത്തി അഞ്ച് ഫയലുകൾ പിടിച്ചെടുത്തിരുന്നു. ജില്ലാ പഞ്ചായത്തിന്റെ കരാറുകൾ പൊതുമേഖല സ്ഥാപനമായ സിൽക്കിനാണ് നൽകാറുള്ളത്. സിൽക്കാണ് മറ്റ് സ്ഥാപനങ്ങൾക്ക് ഉപകരാർ നൽകാറുള്ളത്.

തുടർന്നാണ് സിൽക്കിൽ പരിശോധന നടത്തി ഇതുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസ് കസ്റ്റഡിയിലെടുത്തത്. നേരത്തെ പിടിച്ചെടുത്ത രേഖകൾ വിദഗ്ധ പരിശോധനക്ക് അയച്ചിരിക്കയാണ്. പരിശോധന പൂർത്തിയായ ശേഷം തുടർനടപടികളിലേക്ക് കടക്കാനാണ് തീരുമാനം.

KERALA FOREST DEVELOPMENT CORPORATION LTD.
(A Govt. of Kerala Undertaking)
Thrissur Division
dm-tcr.kfdc@kerala.gov.in
DM/TCR/993/Green Coffee/26-27 Date:05.11.2026
E- AUCTION - RIGHT OF COLLECTION OF GREEN COFFEE BERRY (ROBUSTA)
E-auction of Right of collection and removal of Green Coffee berry (Robusta) from Rossary and Beatrice Estates, of Pakuthipalam Subunit, Nelliyampathy for the year 2026-27 on 13.11.2026, 16.11.2026 18.11.2026 and 20.11.2026 through MSTC. For details
www.mstc.ecommerce.com
www.kfdc.kerala.gov.in
Ph: 8289821500, 8921768394 Sd/-
Divisional Manager, Thrissur

KERALA WATER AUTHORITY/ CANCELLATION OF NOTIFICATION
Kerala Water Authority (JJM) Quality control sub division -Walk in interview scheduled on 12/11/2026 and 16/11/2026 for Deputy Manager, Technical Manager for Thiruvananthapuram and Kollam district lab has been cancelled due to administrative reasons.
Assistant Executive Engineer
Quality Control Sub Division Thiruvananthapuram
KWA-JB-GL-6-413-2026-27

വിപണി

സ്വർണം, വെള്ളി വില കുറഞ്ഞു

കോഴിക്കോട്: സ്വർണത്തിന് പവന് 1880 രൂപയും തങ്കത്തിന് 1800 രൂപയും വെള്ളിക്ക് 3500 രൂപയും കുറഞ്ഞു.

സ്വർണം	105200		
തങ്കം	142300		
വെള്ളി	189500		
വെളിച്ചെണ്ണ	26400		
കൊപ്ര എടുത്തപടി	16000		
കൊപ്ര റാസ്	15600		
കൊപ്ര ദിൽപസന്ത്	16100		
കൊപ്ര രാജപ്പൂർ	28500		
കൊപ്ര ഉണ്ട	23000		
പിണ്ണാക്ക് റോട്ടറി	3700		
പിണ്ണാക്ക് എക്സ്പല്ലർ	3100		
നാളികേരം നാടൻ			
„ വടകര കൊട്ടത്തേങ്ങ	19300	21300	
„ ചെറിയ കൊട്ടത്തേങ്ങ	20300	21300	
„ വലിയ കൊട്ടത്തേങ്ങ	23300	25300	

ചുടി കൊയിലാണ്ടി -1	9100	
ചുടി കൊയിലാണ്ടി -2	8300	
ചുടി ബേപ്പൂർ -1	6500	
ചുടി ബേപ്പൂർ - 2	6000	
കുരുമുളക് പുതിയത്		
„ നാടൻ	70000	
„ ചേട്ടൻ	71500	
„ വയനാടൻ	72500	
ചുക്ക്	30000	32500
മഞ്ഞൾ	8000	
അടയ്ക്ക	34500	
ഏലം പച്ച	1050	
റബർ ആർ.എസ്.എസ്.4	29600	
റബർ ആർ.എസ്.എസ്.5	28000	
റബർ ഒട്ടുപാൽ	19600	
ഉണക്ക കപ്പ	2570	

കണ്ണൂർ

വെളിച്ചെണ്ണ	4150
ബോക്സ്	2600

കൊപ്ര	14500
തേങ്ങ	5000
പിണ്ണാക്ക്	3300
കുരുമുളക്	71,000
അടക്ക പുതിയത്	30,000
അടക്ക പഴയത്	36,000
പഞ്ചസാര	5800
വെല്ലം	6000
പച്ചരി	3500
കുറുവ	4400
ബോധന	4300
പൊന്നി	7500
റോസ്	4600
മൈദ	2230

റബർ ബോർഡ് വില

കോട്ടയം	
ആർ.എസ്.എസ് –4	29800
ആർ.എസ്.എസ്–5	29300
ഐ.എസ്.എൻ.ആർ-20	28000
ലാറ്റക്സ് 60% drc)	19445

MEDIA one മീഡിയവൺ



06.00	ന്യൂസ് അപ്ഡേറ്റ്	06.30	ഫാസ്റ്റ് ന്യൂസ്
06.30	ഫാസ്റ്റ് ന്യൂസ്	07.00	ന്യൂസ് അപ്ഡേറ്റ്
07.00	ന്യൂസ് മോർണിംഗ്	08.00	സ്പെഷ്യൽ എഡിഷൻ
12.00	സീറോ അവർ	09.00	ന്യൂസ് അപ്ഡേറ്റ്
01.00	ഫസ്റ്റ് റൗണ്ട് അപ്പ്	10.00	ഷാർപ് 10
02.00	ന്യൂസ് ആഫ്റ്റർ നൂൺ	10.30	ഔട്ട് ഓഫ് ഫോകസ്
04.00	ഈവനിംഗ് എഡിഷൻ	11.00	മിഡ് ഈസ്റ്റ് അവർ
06.00	ഈവനിംഗ് ന്യൂസ്		

സംസ്ഥാന സീനിയർ ബാസ്കറ്റ് ബാൾ ചാമ്പ്യൻഷിപ്: സെമിഫൈനൽ ലൈനപ്പായി

» തലശ്ശേരിയിൽ ആവേശപ്പോരാട്ടങ്ങൾക്ക് വേദിയൊരുങ്ങി, പത്തനംതിട്ടയും തിരുവനന്തപുരവും സെമിയിൽ

തലശ്ശേരി: നഗരസഭ മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന 70ാമത് കേരള സംസ്ഥാന സീനിയർ ബാസ്കറ്റ് ബാൾ ചാമ്പ്യൻഷിപ്പിന്റെ പുരുഷ-വനിത വിഭാഗം സെമിഫൈനൽ മത്സരങ്ങൾക്ക് ആവേശകരമായ വേദിയൊരുങ്ങി. പുരുഷന്മാരുടെ വിഭാഗത്തിൽ നടക്കുന്ന ആദ്യസെമി ഫൈനൽ പോരാട്ടത്തിൽ കരുത്തരായ പത്തനംതിട്ട ടീം തിരുവനന്തപുരവുമായി ഏറ്റുമുട്ടും. രണ്ടാം സെമിഫൈനലിൽ കൊല്ലം - കണ്ണൂർ മത്സരത്തിലെ വിജയികൾ എറണാകുളം - കോട്ടയം മത്സരത്തിലെ വിജയികളെയാണ് നേരിടുക. വനിത വിഭാഗത്തിൽ നിലവിലെ ചാമ്പ്യന്മാരായ തിരുവനന്തപുരവും കോട്ടയവും അതത് ഗ്രൂപ്പുകളിൽ ഒന്നാമതെത്തി നേരിട്ട് സെമിയിൽ പ്രവേശിച്ചു കഴിഞ്ഞു. സെമിയിൽ തിരുവനന്തപുരം, പാലക്കാട് - കണ്ണൂർ ക്വാർട്ടർ ഫൈനൽ വിജയികളെ നേരിടുമ്പോൾ കോട്ടയം ശക്തരായ ആലപ്പുഴയുമായാണ് മാറ്റുരക്കുക.

പുരുഷന്മാരുടെ ആദ്യ ക്വാർട്ടർ ഫൈനലിൽ ഇന്ത്യൻ സീനിയർ ക്യാമ്പ് താരം സെജിൻ മാത്യുവിന്റെയും ജോഷ്വ സുനിൽ ഉമ്മന്റെയും മികവിൽ പത്തനംതിട്ട തൃശൂരിന്റെ യുവനിരയെ 90-84 ന് തോൽപിച്ചു. ഇടവേളയിൽ 41-37 ന് പത്തനംതിട്ട മുന്നിലായിരുന്നു.


തലശ്ശേരിയിൽ നടക്കുന്ന സംസ്ഥാന സീനിയർ ബാസ്കറ്റ് ബാൾ ക്വാർട്ടർ ഫൈനലിൽ പത്തനംതിട്ട-തൃശൂർ മത്സരത്തിൽനിന്ന്

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank ...the name you can BANK upon!
അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്, ഗോവിന്ദപുരം, കോഴിക്കോട്– 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്.
താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	ശാഖ: ARMB കോഴിക്കോട് (1) **ശ്രീ. മുജീബ് കെ.കെ**, പ്രൊപ്രൈറ്റർ: M/s ഗ്ലാസ്സ് സെന്റർ, എം.എ.ഫസ്റ്റ് ക്രോസ്സ് റോഡ്, കണ്ണൂർ - 670001, (2) **ശ്രീ. മുജീബ് കെ.കെ**, (3) **സാജിത കെ. സി** (ജാമ്യക്കാരി, M/s ഗ്ലാസ്സ് സെന്റർ - ക്യാഷ് ക്രെഡിറ്റ് A/c No.4259008700002441), ഇരുവരും താമസം : ബൈതുൽ സഫ, ആനയിടുക്ക്, താണ പി.ഒ, കണ്ണൂർ - 670012, (4) **ശ്രീ. സജിൽ കെ.സി**, പ്രൊപ്രൈറ്റർ: M/s ന്യൂ ഗ്ലാസ്സ് സെന്റർ, പിയർ ബിൽഡിംഗ്, ജി മാളിന് എതിർവശം, കണ്ണൂർ - 670002 (5) **ശ്രീ. സജിൽ കെ. സി**, (6) **ശ്രീ. മുജീബ് കെ.കെ**, (M/s ന്യൂ ഗ്ലാസ്സ് സെന്റർ എന്ന അക്കൗണ്ടിന്റെ ജാമ്യക്കാരൻ), ഇരുവരും താമസം : ബൈതുൽ സഫ, ആനയിടുക്ക്, താണ പി.ഒ, കണ്ണൂർ - 670012	കണ്ണൂർ ജില്ലയിൽ, കണ്ണൂർ താലൂക്കിൽ, കണ്ണൂർ - 1 അംശത്ത്, കണ്ണൂർ കാരാർ ദേശത്ത്, ശ്രീ. മുജീബ് കെ.കെ.യുടെ പേരിലുള്ള 8.50 സെന്റ് (2 സെന്റ് + 3.75 സെന്റ് + 2. 75 സെന്റ്), (പഴയ സർവ്വേ നം.1073/3,4, റീ.സർവ്വേ നം.684/W2/B8 ൽ പെട്ട 1 ¼ സെന്റ്, പഴയ സർവ്വേ നം.1074, റീ.സർവ്വേ നം.685/W2/B8 ൽ പെട്ട ¾ സെന്റ് (ആകെ 2 സെന്റ്), പഴയ സർവ്വേ നം.1073/3,2 റീ.സർവ്വേ നം.577/ W2/B8 ൽ പെട്ട ½ സെന്റ്, പഴയ സർവ്വേ നം.1074, റീ.സർവ്വേ നം.684/W2/B8ൽ പെട്ട ¾ സെന്റ് & പഴയ സർവ്വേ നം.1074, റീ.സർവ്വേ നം.685/W2/ B8ൽ പെട്ട 2½ സെന്റ് (ആകെ 3.75 സെന്റ്) പഴയ സർവ്വേ നം.1073/3,2, 1074 റീ.സർവ്വേ നം.577/ W2/B8, 685/W2/B8 ൽ പെട്ട ആകെ 2 ¾ സെന്റ്) സ്ഥലവും വാണിജ്യയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്**: വേറെ എടുപ്പ്, **തെക്ക്**: എടുപ്പും സ്ഥലവും, **കിഴക്ക്**: കൽകിടങ്ങ്, **പടിഞ്ഞാറ്**: ഇട റോഡ്.	(എ) 13(2) - 25.09.2023, 18.11.2023 (ബി) 31.08.2026ലെ രൂപ 76,00,827.63 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 23.01.2024, 20.02.2024 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 212.00 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 21.20 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം

സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല
ഇ - ലേല തീയതിയും സമയവും: **26-11-2026**ന് രാവിലെ **11.00** മണി മുതൽ വൈകിട്ട് **5.00** മണി വരെ
നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: **25-11-2026**
വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി **24-11-2026**

ഇ - ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപ്പന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപ്പന "എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ - ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **26-11-2026** രാവിലെ **11.00** മണിക്കും വൈകിട്ട് **05.00** മണിക്കും ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ
തീയതി: 06-11-2026, സ്ഥലം: കോഴിക്കോട്